# പിശാചിനോട് എതിർത്തുനിൽക്കുക അവൻ നിന്നെ വിട്ട് ഓടി പോകും

സാക് പുന്നൻ

WFTW 25 ഓഗസ്റ്റ് 2013

വേദപുസ്തകം പറയുന്നു. 'യേശുവിന്റെ നാമം ,ആ നാമത്തിങ്കൽ സാത്താൻ ഓടി പോകും' . സാത്താൻ അവരുടെ പുറകേ അവരെ നശിപ്പിക്കുവാൻ ഓടി വരുന്ന ഒരു ചിത്രമാണ് പല ക്രിസ്ത്യാനികളുടെയും മനസ്സിലുള്ളത്.

നിങ്ങളെന്താണ് കരുതുന്നത് ? സാത്താന് യേശുവിനെ ഭയമായിരുന്നോ അല്ലയൊ ?നമ്മുടെ രക്ഷകന്റെ മുൻപിൽ നിൽക്കുവാൻ സാത്താൻ ഭയപ്പെട്ടിരുന്നു എന്ന് നമുക്കെല്ലാമറിയാം .യേശു ലോകത്തിന്റെ വെളിച്ചമായിരുന്നു. അവിടുത്തെ മുന്പാകെ ഇരുട്ടിന്റെ അധികാരിക്ക് അപ്രത്യക്ഷനാകേണ്ടി വന്നു.

യേശു തന്റെ ശിഷ്യന്മാരോട് സ്വർഗ്ഗത്തിൽ നിന്ന് സാത്താൻ വീഴുന്നത് താൻ കണ്ടു എന്ന് പറയുന്നു. ദൈവം പുറത്താക്കിയപ്പോൾ സാത്താൻ മിന്നൽ പോലെ വീണു. ( ലൂക്കോ 10. 18 ) എന്നാണ് യേശു അവിടെ പറയുന്നത്. മരുഭൂമിയിൽ വച്ച് യേശു 'സാത്താനേ കടന്നുപോകൂ ' എന്ന് പറഞ്ഞപ്പോൾ യേശുവിന്റെ മുന്നിൽ നിന്നും അവൻ മിന്നലിന്റെ വേഗത്തിലാണ് അപ്രത്യക്ഷനായത്.ഇന്നും നാം യേശുവിന്റെ നാമത്തിൽ സാത്താനെ എതിർക്കുന്പോൾ അവൻ പ്രകാശവേഗത്തിൽ നമ്മെ വിട്ടുപോകും.വെളിച്ചത്തിന്റെ മുന്നിൽ ഇരുട്ട് ഓടിയകലും.

യേശുവിന്റെ നാമത്തെ സാത്താൻ ഭയക്കുന്നു. യേശു കർത്താവാണെന്ന വസ്തുത ഓർമ്മിപ്പിക്കുന്നത് അവനെ ഭയപ്പെടുത്തുന്നു. ഭൂതബാധിതരായ ആളുകൾ യേശു കർത്താവാണെന്നോ സാത്താൻ കാൽവരിയിൽ പരാജയപ്പെട്ടുവെന്നോ എറ്റുപറയുകയില്ല. ഏത് ഭൂതത്തെ പുറത്താക്കുവാനും ഏതു പിശാചിനെയും ഓടിക്കുവാനും ശക്തിയുള്ളതാണ് യേശുവിന്റെ നാമം. അത് ഒരിക്കലും മറക്കരുത്.

ഞാൻ ഒരു കാര്യം പറയട്ടെ .നിങ്ങളുടെ ജീവിതത്തിലെ ഒരു കഷ്ടതയുടെ സമയത്തോ അല്ലെങ്കിൽ വളരെ ബുദ്ധിമുട്ടുള്ള ഒരു പ്രശ്നത്തെ നേരിടുന്പോഴോ മാനുഷികമായ ഒരു പോംവഴി ഇല്ല എന്നു കരുതുന്ന ഏതെങ്കിലും സാഹചര്യത്തിൽ യേശു എന്ന നാമം വിളിക്കുക. അവിടുത്തോട് പറയുക 'കർത്താവായ യേശുവേ , പിശാചിനെതിരേ അവിടുന്നെന്റെ പക്ഷത്തുണ്ട്. ഇപ്പോഴെന്നെ സഹായിക്കേണമെ'. പിന്നീട് സാത്താനെതിരെ തിരിഞ്ഞ് അവനോട് ഇങ്ങനെ പറയുക.'യേശുവിന്റെ നാമത്തിൽ സാത്താനെ ഞാൻ നിന്നെ എതിർക്കുന്നു'. ഞാൻ പറയട്ടെ , സാത്താൻ നിങ്ങളെ വിട്ട് ഉടനെ ഓടി പോകും. കാരണം അവൻ കാൽവരി ക്രൂശിൽ തോല്പിക്കപ്പെട്ടവനാണ്.നിങ്ങൾ വെളിച്ചത്തിൽ നടക്കുകയും യേശുവിന്റെ നാമത്തിൽ സാത്താനെ എതിർക്കുകയും ചെയ്യുന്പോൾ അവന് നിങ്ങളെ എതിർക്കുവാൻ ഒട്ടും ശക്തിയുണ്ടാവുകയില്ല

തന്റെ പരാജയം നിങ്ങൾ അറിയണമെന്ന് സാത്താൻ നിശ്ചയമായും ആഗ്രഹിക്കുന്നില്ല.അതുകൊണ്ടാണ് അവൻ ആ കാര്യം നിങ്ങളെ വളരെ നാൾ കേൾപ്പിക്കാതിരുന്നത്. അതുകൊണ്ടുതന്നെയാണ് അവൻ പല പ്രസംഗകരേയും കൊണ്ട് ഈ കാര്യം പ്രസംഗിപ്പിക്കാതിരിക്കുന്നത്.

സാത്താൻ എന്നെന്നേക്കുമായി കാൽവരി ക്രൂശിൽ യേശുക്രിസ്തുവിനാൽ തോൽപ്പിക്കപ്പെട്ടു കഴിഞ്ഞു എന്ന കാര്യം നിങ്ങൾ എല്ലാവരും അറിയണം എന്നു ഞാൻ ആഗ്രഹിക്കുന്നു.നിങ്ങൾ ഇനി ഒരിക്കലും സാത്താനെ ഭയപ്പെടേണ്ടതില്ല. അവനു നിങ്ങളെ ബുദ്ധിമുട്ടിക്കുവാൻ സാധിക്കില്ല. നിങ്ങളെ ദ്രോഹിക്കുവാൻ കഴിയുകയില്ല. അവൻ നിങ്ങളെ പരീക്ഷിച്ചേക്കാം. അവൻ നിങ്ങളെ ആക്രമിച്ചേക്കാം .എന്നാൽ നിങ്ങൾ എല്ലായ്പോഴും തന്നെത്തന്നെ താഴ്ത്തി ദൈവമുന്പാകെ സമർപ്പിച്ച് വെളിച്ചത്തിൽ നടക്കുകയാണെങ്കിൽ ദൈവകൃപ നിങ്ങളെ എപ്പോഴും പിശാചിന്റെ മേൽ ജയാളിയാക്കും. വെളിച്ചത്തിനു ഭയങ്കരമായ ശക്തിയുണ്ട്. ഇരുട്ടിന്റെ അധികാരിയായ സാത്താന് ഒരിക്കലും വെളിച്ചത്തിന്റെ സാമ്രാജ്യത്തിലേക്ക് കടക്കുവാൻ കഴിയുകയില്ല .സാത്താന് പല വിശ്വാസികളുടെമേലും അധികാരമുണ്ടെങ്കിൽ അതിനു കാരണം അവർ ഇരുളിൽ നടക്കുന്നതു കൊണ്ടാണ്. അവർ ഏതെങ്കിലും രഹസ്യ പാപത്തിൽ ജീവിക്കുകയും , മറ്റുള്ളവരോട് ക്ഷമിക്കാതിരിക്കുകയും ,ആരോടെങ്കിലും അസൂയപ്പെട്ടിരിക്കുകയും അല്ലെങ്കിൽ തങ്ങളുടെ ജീവിതത്തിൽ

സ്വാർത്ഥതാല്പര്യങ്ങൾ സൂക്ഷിക്കുകയുമൊക്കെ  ചെയ്യുന്നതു കൊണ്ടാണ് അത്. അപ്പോൾ സാത്താൻ അവരുടെ മേൽ ശക്തി പ്രാപിക്കുന്നു. അല്ലെങ്കിൽ അവരെ ഒന്ന് തൊടുവാൻ പോലും അവന് കഴിയുകയില്ല.

നിങ്ങളുടെ മനസ്സിനെ ഒരുതരത്തിലും കളങ്കപ്പെടുത്തുവാൻ പിശാചിനെ അനുവദിക്കരുത്. നിങ്ങളുടെ മനസ്സ് അശുദ്ധമാണെങ്കിൽ സാത്താനെതിരെ യേശുവിന്റെ നാമം ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുകയില്ല. ദുഷ്ടശക്തികളെ അകറ്റുവാനുള്ള മന്ത്രമല്ല യേശുവിന്റെ നാമം എന്നത്. ആദ്യം നിങ്ങൾ യേശുവിന് കീഴടങ്ങണം അപ്പോൾ മാത്രമേ സാത്താനെ എതിർക്കുന്പോൾ അവൻ നിങ്ങളെ വിട്ട് ഓടി പോവുകയുള്ളു. എന്നാൽ നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ മേഖലയിലും ദൈവത്തിനു കീഴടങ്ങിയിരുന്നില്ലെങ്കിൽ പിശാച് നിങ്ങളെ ഭയപ്പെടുകയില്ല.

നിങ്ങളുടെ ജീവിതം ഇപ്പോൾത്തന്നെ ക്രിസ്തുവിന് സന്പൂർണ്ണമായി നൽകുക . ഇനിമുതൽ ക്രിസ്തുവിനായി മാത്രമേ ജീവിക്കൂ എന്ന് നിശ്ചയിക്കുക.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)